# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1963 06.02.2019- ൽ മറുപടിയ്ക്ക്

## ലോക കേരള സഭയുടെ മേഖലാ സമ്മേളനങ്ങൾ

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ലോക കേരള സഭയുടെ മേഖലാ സമ്മേളനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | എ) & ബി) | ലോക കേരള സഭയുടെആദ്യ മേഖലാ സമ്മേളനം 2019 ഫെബ്രുവരി 15, 16 തീയതികളിലായി ദുബായിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ മേഖലാ സമ്മേളനങ്ങൾ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്; | | |
| സി) | മേഖലാ സമ്മേളനങ്ങൾ ചേരുന്നതിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | സി) | മേഖലാ സമ്മേളനം നടത്തുന്നതിന്റെ ചെലവ് വഹിക്കുന്നത് ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച കോർ കമ്മിറ്റിയും സ്പോൺസർമാരുമാണ്. എന്നാൽ മേഖലാ സമ്മേളനത്തിന് കേരളത്തിൽ നിന്ന് പങ്കെടുക്കുന്ന മുഖ്യമന്ത്രി ഉൾപ്പെടെ 8 ഔദ്യോഗിക അംഗങ്ങളുടെ ചെലവ് മാത്രം ലോക കേരള സഭയുമായി ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽനിന്ന് വഹിക്കുന്നതാണ്. |
| ഡി) | ലോക കേരള സഭയുടെ രണ്ടാം യോഗം 2020 ൽ തിരുവനന്തപുരത്ത് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | ഡി) | ഉണ്ട്. |
| ഇ) | ലോക കേരള സഭ സംഘടിപ്പിക്കുന്നതിന് എന്ത് തുകയാണ് ചെലവഴിച്ചതെന്നും പ്രസ്തുത സഭ ചേർന്നതിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ? | ഇ) | പ്രഥമ ലോക കേരള സഭ സമ്മേളനത്തിന്റെ നാളിതുവരെയുള്ള ആകെ ചെലവ് 2,03,50,765/- (രണ്ടു കോടി മൂന്നു ലക്ഷത്തി അൻപതിനായിരത്തി എഴുന്നൂറ്റി അറുപത്തിയഞ്ച് രൂപ) രൂപയാണ്. ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിലെ തീരുമാനപ്രകാരം ഏഴ് വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ, ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ, ലോക കേരള സഭ സെക്രട്ടറിയേറ്റ് എന്നിവ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി വിവിധ വിഷയങ്ങളെക്കുറിച്ച് പഠനം നടത്തി കേരളത്തിന്റെ തനത് സാഹചര്യങ്ങൾക്കൂടി കണക്കിലെടുത്ത് പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക എന്നതാണ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതല. വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ വിഷയങ്ങളിൽ അവരുടെ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ഈ ശുപാർശകൾ മേഖലാ സമ്മേളനത്തിൽ ചർച്ച ചെയ്യും. ഓരോ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ എല്ലാ മാസവും യോഗം ചേർന്ന് പ്രവാസികളുടെയും തിരികെ വന്ന പ്രവാസികളുടെയും പ്രശ്നങ്ങളിന്മേൽ സത്വര നടപടി സ്വീകരിച്ചു വരുന്നു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുക, എൻ.ആർ.ഐ. കലോത്സവങ്ങൾ സംഘടിപ്പിക്കുക, ലോക കേരള സഭയോടനുബന്ധിച്ചും അല്ലാതെയും കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക, ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം കാണുക എന്നീ ചുമതലകളാണ് ലോക കേരള സഭ സെക്രട്ടറിയേറ്റ് നിർവഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ